**കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ്, എറണാകുളം**

നമ്പർ.ജി12-6373/2023 18-06-2025

**ക്വട്ടേഷൻനോട്ടീസ്**

കേരള ചുമട്ടു തൊഴിലാളി ക്ഷേമബോർഡ്ആസ്ഥാന ഓഫീസിന്റെയും , 14 ജില്ലാകമ്മിറ്റികളുടെയും 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലെ സ്റ്റാറ്റേർഡ് വിഭാഗം ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കായുള്ള ഓഡിറ്റ് ജോലികൾക്കായി ചാർട്ടേർഡ് അക്കൗണ്ടന്റുമാരെ നിയമിക്കുന്നതിന് പ്രമുഖ ചാർട്ടേർഡ് അക്കൗണ്ടന്റ് സ്ഥാപനങ്ങളിൽനിന്നും തഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി മത്സര സ്വഭാവമുള്ള മുദ്ര വച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

വ്യവസ്ഥകൾ

1. 2021-22 , 2022-23, 2023-24 എന്നീ 3 വർഷങ്ങളിലെ ഓഡിറ്റ് , ബോർഡ്ആസ്ഥാന ഓഫീസിലും 14 ജില്ലാ കമ്മിറ്റി ഓഫീസുകളിലും നേരിട്ട് ഹാജരായി നടത്തേണ്ടതും ഓഡിറ്റ് റിപ്പോർട്ടിൽ താഴെ പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തേണ്ടതുമാണ്..

a) ഓഡിറ്റേഴ്സ് കമന്റ്സ്

b) ഇൻകം & എക്സ്പെൻന്റിച്ചർ

c) ബാലൻസ് ഷീറ്റ്

d) ചെക്ക് ലിസ്റ്റ്

e) തൊഴിലാളികളുടെ എണ്ണം

f) ക്ഷേമാനുകൂല്യങ്ങളും ഗുണഭോക്താക്കളുടെ എണ്ണവും

g) സ്ഥിര നിക്ഷേപം സംബന്ധിച്ച വിശദാംശം

h) വിവിധ ശീർഷകങ്ങളുടെ വിശദാംശം അടങ്ങിയ ഷെഡ്യൂളുകൾ

i) സർക്കാർ ഫണ്ടിന്റെ വരവും വിനിയോഗവും സംബന്ധിച്ച്

j) അക്കൗണ്ട്സ്

ഇവ ഉൾപ്പെടുത്തി മുൻകാലങ്ങളിലെ റിപ്പോർട്ടുകളുടെ മാതൃകയിൽ ഓഡിറ്റ് റിപ്പോർട്ട്തയ്യാറാക്കേണ്ടതാണ്.

2) ഓഡിറ്റ് ജോലികൾ വർക്ക് ഓർഡർ തീയതി മുതൽ 60 ദിവസത്തിനകം പൂർത്തിയാക്കി ബോർഡിൽ സമർപ്പിക്കേണ്ടതാണ്. ടി റിപ്പോർട്ട് സമയബന്ധിതമായി സർക്കാരിലേക്ക് സമർപ്പിക്കേണ്ടതിനാൽ റിപ്പോർട്ട് സമർപ്പിക്കുവാൻ കാലതാമസം വരുത്തുന്ന പക്ഷം റിപ്പോർട്ട് സമർപ്പിക്കേണ്ട തീയതി മുതൽ കാലതാമസം വന്ന ദിവസങ്ങൾ കണക്കാക്കി ഓഡിറ്റ് ഫീസിന്റെ 4% തുക പ്രതിമാസ നിരക്കിൽ ഓഡിറ്റ് ഫീസിൽ നിന്നും പിഴ ഈടാക്കുന്നതാണ്.

3) ഓഡിറ്റ് റിപ്പോർട്ടും ആയതിന്റെ പേജ്മേക്കർ/MS WORD-ൽ തയ്യാറാക്കിയ സി.ഡി.യും (റിപ്പോർട്ടിന്റെ 3 വീതം പകർപ്പുകൾ) ആസ്ഥാന ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

4) ഓഡിറ്റ് ഫീസും സർവീസ് ടാക്സും ഉൾപ്പെടെയുള്ള തുക ക്വാട്ട് ചെയ്യേണ്ടതാണ്. ഓഡിറ്റ് ഫീസ്, സർവീസ് ടാക്സ് , മറ്റിനം എന്നിവ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.(audit fees,GST %, GST Amount,Total fee)

5) ബാങ്ക്,ബോർഡ്,കമ്പനി,കോർപറേഷനുകൾ,പൊതുമേഖലസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ കൂടുതൽ വർഷം ഓഡിറ്റ് നടത്തി പ്രവർത്തി പരിചയമുള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.

6) ഓഡിറ്റിനെ കുറിച്ചുള്ള കൂടുതൽ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് എറണാകുളം എസ്.ആർ.എം റോഡിലുള്ള കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്ആസ്ഥാന ഓഫീസിൽ പ്രവർത്തി സമയത്ത് സ്റ്റാറ്റേർഡ് വിഭാഗം അക്കൗണ്ട്സ് ഓഫീസറുമായി ബന്ധപ്പെടേണ്ടതാണ്.

7) ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന ദിവസം 05.07.2025 തീയതി 5PM വരെയാണ്.വൈകി ലഭിക്കുന്ന ക്വട്ടേഷൻ നിരസിക്കുന്നതാണ്.

8) തിരഞ്ഞെടുക്കപ്പെടുന്ന ചാർട്ടേർഡ് അക്കൗണ്ടന്റ് സ്ഥാപനം ബോർഡ് നിർദേശിക്കുന്ന വ്യവസ്ഥകളും, ,മാർഗ

നിർദേശങ്ങളും അടങ്ങിയ കരാറിൽ ഏർപ്പെടേണ്ടതാണ്.

9)ക്വട്ടേഷൻ മുദ്ര വച്ച കവറിൽ അടക്കം ചെയ്ത് ഒട്ടിച്ച് കവറിന് മുകളിൽ QUOTATION FOR APPOINT MENT OF CHARTERED ACCOUNTANT 2021-22,2022-23,2023-24(Scattered Se ction)എന്നു രേഖപ്പെടുത്തി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ നേരിട്ടോ തപാൽമുഖേനെയോ നൽകേണ്ട താണ്.

10)ലഭ്യമായ ക്വട്ടേഷനുകൾ 7.07.2025 തീയതി 11 AM-ന് ക്വട്ടേഷനുകൾ സമർപ്പിച്ചിട്ടുള്ളവരുടെയോ , അവരുടെ പ്രതിനിധികളുടെയോ, അല്ലെങ്കിൽ പ്രസ്തുത സമയത്ത് ഹാജരുള്ളവരുടെയോ സാന്നിധ്യത്തിൽ തുറക്കുന്നതായിരി ക്കും.

11)ക്വട്ടേഷനുകൾ സ്വീകരിക്കുവാനോ മുഴുവനായോ ഭാഗികമായോ തള്ളികളയുവാനുമുള്ള എല്ലാ അധികാരവും ചീ ഫ് എക്സിക്യൂട്ടീവ് ഓഫീസറിൽ നിക്ഷിപ്തമാണ്.

K SREELAL
ADDITIONAL LABOUR COMMISSIONER(ENF)
CHIEF EXECUTIVE OFFICER KHWWB

എറണാകുളം
18-06-2025

മേൽവിലാസം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്,
എസ്.ആർ.എം റോഡ്, എറണാകുളം –682018
ഫോൺനമ്പർ :0484 2401448, 0484 2401990
ഇ-മെയിൽ- khwwbscattered@gmail.com
വെബ്സൈറ്റ് -www.khwwb.org

പകർപ്പ്:ചാർട്ടേർഡ്അക്കൗണ്ടന്റ് സ്ഥാപനങ്ങൾക്ക്,
നോട്ടീസ് ബോർഡ്, ബോർഡിന്റെ വെബ്സൈറ്റ്

**Signed by Liji T P**
**Date: 19-06-2025 14:35:08**